(ബി) പല പദ്ധതികളും രൂപകൽപ്പന ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ വൈദഗ്ദ്ധ്യക്കുറവ് പ്രോജക്ട് റിപ്പോർട്ടുകളിൽ പിഴവുകളുണ്ടാക്കുകയും അത് പദ്ധതികളുടെ വിജയത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുവാൻ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) വാർഷികപദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്ന വികസന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പുറമേനിന്നുള്ള ഏജൻസികളെ നിയോഗിക്കുന്നതിന് ഉദ്ദേശ്യമില്ല. അത്തരം പദ്ധതികളുടെ മേൽനോട്ടം ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർതന്നെ നിർവ്വഹിക്കുന്നതാണ്. എന്നാൽ വൻകിട പദ്ധതികളുടെ പ്രത്യേകിച്ച് വിദേശസഹായത്തോടെ നടപ്പാക്കുന്നവയുടെ, നിർവ്വഹണത്തിന് ആവശ്യമായ സാങ്കേതിക ഉപദേശത്തിനും മേൽനോട്ടത്തിനും വേണ്ടി പുറമേനിന്നുള്ളവ ഉൾപ്പെടെയുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപംനൽകി നടപ്പാക്കുന്ന വികസന പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച സമാന്തര വിലയിരുത്തൽ (കൺകറന്റ് ഇവാലുവേഷൻ) നടത്തുന്നതിന് ഒരു സ്വതന്ത്ര ഏജൻസിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടികൾക്ക് ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി രൂപംനൽകി നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വകുപ്പുതല വിജിലൻസിന്റെ ഘടനയും പ്രവർത്തനങ്ങളും

13 (*762) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ രൂപീകരിച്ചിട്ടുള്ള വകുപ്പുതല വിജിലൻസിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(ബി) വകുപ്പുതല വിജിലൻസിന്റെ പ്രവർത്തനം റിവ്യൂ ചെയ്യുന്നതിന് ഇപ്പോൾ നിലവിലുള്ള സംവിധാനം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പുതല വിജിലൻസിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ മാതൃകാപരമായി സേവനമനുഷ്ഠിച്ചവരാണെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ടോ ;

(ഡി) നിരവധി കേസുകളും ആക്ഷേപങ്ങളും നിലവിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരെ വകുപ്പുതല വിജിലൻസിലേക്ക് നിയമിക്കപ്പെട്ടതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ അത്തരം ആളുകളെ മാറ്റിനിർത്താൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം ഒരു വിജിലൻസ് ഓഫീസറുടെ നിയന്ത്രണത്തിലാണ്. എല്ലാ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപങ്ങളിലേയും സീനിയറായിട്ടുള്ള (നമ്പർ II ലവൽ) ഓഫീസർമാരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ വകുപ്പുമേധാവികളുടെ നിർദ്ദേശപ്രകാരം വിജിലൻസ് ഡയറക്ടറിൽനിന്നും ക്ലിയറൻസ് വാങ്ങിയശേഷം വിജിലൻസ് ഓഫീസർമാരായി നിയമിക്കുന്നു. വകുപ്പുതലത്തിൽ ലഭിക്കുന്ന പരാതികൾ അന്വഷണം നടത്തി പ്രഥമദൃഷ്ട്യാ അഴിമതിയുണ്ടെന്നു തെളിഞ്ഞാൽ മേൽ നടപടികൾക്കായി സെക്രട്ടേറിയറ്റിലെ വിജിലൻസ് ഡിപ്പാർട്ടുമെന്റിനു കൈമാറുക എന്നതാണ് ഈ സെല്ലിന്റെ ചുമതല.

(ബി) വിജിലൻസ് കേസിന്റെ പ്രതിമാസ അവലോകന റിപ്പോർട്ട് ഓരോ വകുപ്പിൽനിന്നും സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. വിജിലൻസ് ഓഫീസർമാരുടെ കോൺഫറൻസുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. വിജിലൻസ് ആഫീസർമാരുടെ വാർഷികയോഗം പ്രസ്തുത വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടേണ്ടതും വകുപ്പുതല വിജിലൻസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ സുപ്രധാനകാര്യങ്ങളും പ്രസ്തുത യോഗത്തിൽ ചർച്ചചെയ്തു തീരുമാനമെടുക്കേണ്ടതും ആണ്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെന്റ് ആശുപത്രികളിൽ മരുന്നുകൾ സൂക്ഷിക്കുന്നതിന് ശാസ്ത്രീയമായ ആധുനിക സൗകര്യങ്ങൾ

14 (*763) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ സൂക്ഷിച്ചു വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിന്റെ ഫലമായി ഔഷധങ്ങളുടെ വീര്യം നശിച്ചുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly